ഇന്ത്യൻ എൻജിനീയേഴ്സ് അസോസിയേഷന്റെ ആനുവൽ ഗാലയും സ്കോളർഷിപ്പ് വിതരണവും നവംബർ 21–ന് ഓക് ബ്രൂക്ക് മാരിയറ്റിൽ



AAEIO ബോർഡ് ചിക്കാഗോ കോൺസുൽ ജനറൽ ഓഫ് ഇന്ത്യ ഡോ. ആനന്ദ് പ്രകാശിനോടൊപ്പം



ഗ്ലാഡ്സൺ വർഗീസ്, രജീന്ദർ സിംഗ് മാഗോ എന്നിവർ ഇല്ലിനോയി ഗവർണ്ണർ ജെ.ബി. പ്രിറ്റ്സ്കറോടൊപ്പം



ഗ്ലാഡ്സൺ വർഗീസ്, രജീന്ദർ സിംഗ് മാഗോ എന്നിവർ യുഎസ് കോൺഗ്രസ് സ്ഥാനാർത്ഥി മെലീസ്സ ബീനിനോടൊപ്പം



ഗ്ലാഡ്സൺ വർഗീസ് യുഎസ് കോൺഗ്രസ് സ്ഥാനാർത്ഥിയും ഇവാൻസ്റ്റൻ മേയറുമായ ഡാനിയൽ ബിസിനോടൊപ്പം



AAEIO പ്രസിഡണ്ട് ഗ്ലാഡ്സൺ വർഗീസ് ഇല്ലിനോയി ഗവർണ്ണർ ജെ.ബി. പ്രിറ്റ്സ്കറോടൊപ്പം

ചിക്കാഗോ: ഇന്ത്യൻ എൻജിനീയേഴ്സ് അസോസിയേഷന്റെ ആനുവൽ ഗാലയും സ്കോളർഷിപ്പ് വിതരണവും നവംബർ 21-ന് ഓക് ബ്രൂക്ക് മാരിയറ്റിന്റെ ഗ്രാൻഡ് ബാൾ റൂമിൽ വെച്ച് നടത്തും. സമ്മേളനത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നതായി പ്രസിഡണ്ട് ഗ്ലാഡ്സൺ വർഗീസും, ആനുവൽ ഗാല ചെയർമാൻ ഗുൽസാർ സിംഗും അറിയിച്ചു. സമ്മേളനത്തിൽ ഇല്ലിനോയ് ഗവർണർ ജെ.ബി. പ്രിറ്റ്സ്കർ, കൗൺസിൽ ജനറൽ ഓഫ് ഇന്ത്യ ഡോ. ആനന്ദ് പ്രകാശ്, യുഎസ് കോൺഗ്രസ് വുമൺ സ്ഥാനാർത്ഥി Hon. മെലിസ്സാ ബീൻ, ഇവാൻസ്റ്റൻ മേയറും യുഎസ് കോൺഗ്രസ്മാൻ സ്ഥാനാർത്ഥിയുമായ Hon. ഡാനിയൽ ബിസ് എന്നിവരെ ക്ഷണിച്ചിട്ടുണ്ട്. എഐയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള ചർച്ചകൾ SDI Presense CEO ഹർദ്ദിക് ഭട്ട് നയിക്കും. വിവിധതരം ഡാൻസുകൾ, ബോളിവുഡ് ഗായകരായ ഭാവന ചൗധരിയും നിമേഷ് നഗറും നയിക്കുന്ന ഗാനമേളയും അരങ്ങേറും. അതിനുശേഷം ഡിന്നറും ഉണ്ടായിരിക്കും. ടിക്കറ്റുകൾ www.aaeiousa.org-ൽ നിന്ന് ലഭിക്കുന്നതാണ്. സ്കോളർഷിപിന് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ www.aaeiousa.org-ൽ നിന്ന് അപേക്ഷ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഹൈസ്കൂൾ സീനിയർ സ്റ്റുഡന്റ്സ്, എൻജിനീയറിങ് മേജർ എടുക്കുന്നവർക്കും എൻജിനീയറിംഗിൽ ആദ്യവർഷം പഠിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. രക്ഷാകർത്താക്കൾക്ക് ഒരു വർഷം 100,000 ഡോളറിൽ കുറവ് വരുമാനം ആയിരിക്കണം. സമർത്ഥരായ കുട്ടികൾ തങ്ങളുടെ G Payയും വരുമാന സർട്ടിഫിക്കറ്റും സമർപ്പിക്കണം. അപേക്ഷകൾ www.aaeiousa.org-ൽ അയയ്ക്കാവുന്നതാണ്.

For Tickets, Please use this link:
https:// www.eventbrite.com/e/aaeio-annual-gala-2026-tickets-2003564895537



Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**